ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05.11.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ബിഹാറിൽ ഒന്നാംഘട്ട നിയമസഭാ തെരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. 121 മണ്ഡലങ്ങൾ നാളെ വിധിയെഴുതും.

   All arrangements have been put in place for the first phase of assembly elections in Bihar. 121 constituencies will go to poll tomorrow.

2. കേരളത്തിൽ രണ്ടാംഘട്ട തീവ്ര വോട്ടർപട്ടിക പരിഷ്കരണം സംബന്ധിച്ച് വിഷയങ്ങൾ ചർച്ച ചെയ്യാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇന്ന് സർവ്വകക്ഷിയോഗം.

   In Kerala, An all-party meeting chaired by the Chief Minister will be held today to discuss issues related to the second phase of SIR.

3. ഇന്തോ -പസഫിക് മേഖലയിലെ നയതന്ത്ര സ്ഥിരത മെച്ചപ്പെടുത്തുന്നതിന് ഇന്ത്യ-ജപ്പാൻ പങ്കാളിത്തം നിർണ്ണായക പങ്ക് വഹിക്കുന്നുണ്ടെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ് ശങ്കർ.

   External Affairs Minister S. Jaishankar says that the India-Japan partnership is playing a crucial role in improving strategic stability in the Indo-Pacific region.

4. ഇന്ത്യ-ന്യൂസിലാൻഡ് സ്വതന്ത്ര വ്യാപാര കരാർ വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്ന് കേന്ദ്രമന്ത്രി പീയൂഷ് ഗോയൽ

   Union Minister Piyush Goyal says that talks are in progress to expand the India-New Zealand Free Trade Agreement.

5. നാലാമത് ദേശവ്യാപക ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് ക്യാമ്പയിൻ കേന്ദ്രമന്ത്രി ജിതേന്ദ്ര സിങ് ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.

   Union Minister Jitendra Singh will inaugurate the fourth nationwide Digital Life Certificate campaign in New Delhi today.

6. ഫിലിപ്പീൻസിൽ നാശം വിതച്ച് കൽമേഗി ചുഴലിക്കാറ്റ്. മരണം 66 കടന്നു.

   Cyclone Kalmaegi wreaks havoc in the Philippines. Death toll crosses 66.

$$$$$$$$$$$$$$$$$$$$$$

**VP- CHHATTISGARH VISIT**

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ്റെ ഛത്തീസ്ഗഢ് സന്ദർശനം തുടരുന്നു. ഗായകൻ ഭൂപൻ ഹസാരികയുടെ ചരമവാർഷിക ദിനമായ ഇന്ന് ഛത്തീസ്ഗഢിലെ രാജ്ഭവനിൽ ശ്രീ രാധാകൃഷ്ണൻ അദ്ദേഹത്തിന് പുഷ്പാർച്ചന നടത്തി. നേരത്തെ രാജ്ഭവനിൽ ഉപരാഷ്ട്രപതിയ്ക്ക് ഗാർഡ് ഓഫ് ഓണർ നൽകി. തുടർന്ന് ഛത്തീസ്ഗഢ് മുഖ്യമന്ത്രി വിഷ്ണു ദേവ് സായി ഉപരാഷ്ട്രപതിയെ സന്ദർശിച്ചു. ഇന്ന് നവ റായ്പൂരിലും രാജ് നന്ദ്ഗാവിലും നടക്കുന്ന പൊതുപരിപാടികളിൽ ശ്രീ രാധാകൃഷ്ണൻ പങ്കെടുക്കും.

$$$$$$$$$$$$$$$$$$$$$$

## BIHAR-ELECTION (INTRO)

ബിഹാറിൽ ഒന്നാംഘട്ട നിയമസഭാ തെരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. 18 ജില്ലകളിലെ 121 നിയോജകമണ്ഡലങ്ങളിലാണ് നാളെ ആദ്യ ഘട്ട വോട്ടെടുപ്പ് നടക്കുന്നത്.
വിശദാംശങ്ങളിലേക്ക് ..

*314 സ്ഥാനാർത്ഥികളാണ് ഒന്നാം ഘട്ടത്തിൽ ജനവിധി തേടുന്നത്. മൂന്നു കോടി 75 ലക്ഷത്തിലേറെ വോട്ടർമാർ സമ്മതിദാനാവകാശം വിനിയോഗിക്കും പാറ്റ്ന , ദർഭംഗ , മാധേപുര , സഹർസ , മുസാഫർപൂർ , ഗോപാൽഗഞ്ജ് , സിവാൻ , സാരൺ , വൈശാലി , ബെഗുസരായ് , ലഖിസരായ് , മുൻഗേർ, ശെയ്ഖ്പുര, നളന്ദ, ബക്സർ, ഭോജ്പുർ എന്നീ ജില്ലകളാണ് ജനവിധി തേടുന്നത് . രണ്ടാമത്തെയും അവസാനത്തെയും ഘട്ട വോട്ടെടുപ്പ് ഈ മാസം 11 നു നടക്കും. ഈ മാസം 14 നാണ് വോട്ടെണ്ണൽ .*

*ന്യൂസ് ഡെസ്ക് ആകാശവാണി.*

$$$$$$$$$$$$$$$$$$$$$$

## ECI-BIHAR ELECTION

തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഇന്റർനാഷണൽ ഇലക്ഷൻ വിസിറ്റേഴ്സ് പ്രോഗ്രാം ന്യൂഡൽഹിയിലെ ഇന്ത്യ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡെമോക്രസി ആൻഡ് ഇലക്ഷൻ മാനേജ്മെന്റിൽ ആരംഭിച്ചു. ഫ്രാൻസ്, ദക്ഷിണാഫ്രിക്ക, ബെൽജിയം, ഇന്തോനേഷ്യ, ഫിലിപ്പീൻസ്, തായ്ലൻഡ്, കൊളംബിയ എന്നീ രാജ്യങ്ങളിൽ നിന്നുള്ള 14 പ്രതിനിധികളാണ് പങ്കെടുക്കുന്നത്. ഈ മാസം ആറിന് നടക്കാനിരിക്കുന്ന ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ട പോളിംഗ് സംഘം വീക്ഷിക്കും.

$$$$$$$$$$$$$$$$$$$$$$

## ELECTION SIR + KERALA

രാജ്യത്ത് രണ്ടാംഘട്ട തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണം പുരോഗമിക്കുന്നു. കേരളമുൾപ്പെടെ ഒമ്പത് സംസ്ഥാനങ്ങളും മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളുമാണ് രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. നടപടിക്രമങ്ങളുടെ ഭാഗമായി എന്യൂമറേഷൻ ഫോം വിതരണത്തിന് ഇന്നലെ തുടക്കമായി. കേരളത്തിൽ ഇന്നലെ രാത്രി എട്ടു മണി

വരെയുള്ള കണക്കു പ്രകാരം രണ്ട് ലക്ഷത്തി 7,528 പേർക്കാണ് എന്യൂമറേഷൻ ഫോം വിതരണം ചെയ്തത്. ഡിസംബർ 9-ന് കരട് വോട്ടർ പട്ടികയും 2026 ഫെബ്രുവരി 7 ന് അന്തിമ വോട്ടർ പട്ടികയും പ്രസിദ്ധീകരിക്കും.

$$$$$$$$$$$$$$$$$$$$$$

## ALL PARTY MEET

രണ്ടാംഘട്ട തീവ്ര വോട്ടർപട്ടിക പരിഷ്കരണം സംബന്ധിച്ച് കേരളത്തിലെ വിഷയങ്ങൾ ചർച്ച ചെയ്യാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇന്ന് സർവ്വകക്ഷിയോഗം വിളിച്ചു ചേർക്കും. ഇന്ന് വൈകിട്ട് 4.30ന് ഓൺലൈനായാണ് യോഗം

$$$$$$$$$$$$$$$$$$$$$$

## Lakshadweep

ലക്ഷദ്വീപിലും തീവ്ര വോട്ടർ പട്ടികയുടെ പരിഷ്കരണ പ്രക്രിയകൾ ആരംഭിച്ചു. 57,813 വോട്ടർമാർക്കായി ആകെ ഒരുലക്ഷത്തി15,626 എന്യൂമറേഷൻ ഫോമുകൾ അച്ചടിച്ച് 10 ദ്വീപുകളിലായി വിതരണം ചെയ്തു. 55 ബൂത്ത് ലെവൽ ഓഫീസർമാരെയാണ് ഇതിനായി നിയോഗിച്ചിട്ടുള്ളത്.

$$$$$$$$$$$$$$$$$$$$$$

## STATE ELECTION COMMISSION (INTRO)

കേരളത്തിൽ തദ്ദേശ തെരഞ്ഞെടുപ്പിനു മുന്നോടിയായി വോട്ടർ പട്ടികയിൽ പേരു ചേർക്കാനുള്ള അവസരം ഇന്നു വൈകിട്ട് അഞ്ചു മണിക്ക് അവസാനിക്കും. ഇതേക്കുറിച്ച് സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണർ എ ഷാജഹാൻ ആകാശവാണി വാർത്തകളോട് സംസാരിക്കുന്നു.

(വോയ്സ്)

$$$$$$$$$$$$$$$$$$$$$$

## President-PM Guru Nanak

ഇന്ന് ഗുരുനാനാക്ക് ജയന്തി. സിഖ് ഗുരുവും സിഖ് മത സ്ഥാപകനുമായ ഗുരുനാനാക്കിൻറെ ജൻമവാർഷിക ദിനത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും എല്ലാ പൗരന്മാർക്കും ആശംസകൾ നേർന്നു. ഗുരുനാനാക് ദേവിന്റെ ആദർശങ്ങളും മൂല്യങ്ങളും എല്ലാവരെയും

പ്രചോദിപ്പിക്കുകയും മെച്ചപ്പെട്ട ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിലേക്ക് എല്ലാവരെയും നയിക്കുകയും ചെയ്യുന്നുവെന്ന് ശ്രീമതി മുർമു സമൂഹമാധ്യമ പോസ്റ്റിൽ പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$

**PM-SYRO MALABAR**

സിറോ മലബാർ സഭയുടെ തലവനായ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ഇന്നലെ ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ, ആർച്ച് ബിഷപ്പ് ഡോ. കുര്യാക്കോസ് ഭരണി കുളങ്ങര, ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ തുടങ്ങിയവരും ഒപ്പം ഉണ്ടായിരുന്നു.

$$$$$$$$$$$$$$$$$$$$$$

**DIGITAL LIFE CERTIFICATE CAMPAIGN**

നാലാമത് ദേശവ്യാപക ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് ക്യാമ്പയിൻ കേന്ദ്രമന്ത്രി ജിതേന്ദ്ര സിങ് ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. 2,500ലധികം ക്യാമ്പുകളിലായാണ് ഒരു മാസം നീണ്ടു നിൽക്കുന്ന ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്.

$$$$$$$$$$$$$$$$$$$$$$

**India-Japan Jayasankar (INTRO)**

ഇന്തോ -പസഫിക് മേഖലയിലെ നയതന്ത്ര സ്ഥിരത മെച്ചപ്പെടുത്തുന്നതിന് ഇന്ത്യ-ജപ്പാൻ പങ്കാളിത്തം നിർണ്ണായക പങ്ക് വഹിക്കുന്നുണ്ടെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ് ശങ്കർ. ന്യൂഡൽഹിയിൽ നടന്ന എട്ടാമത് ഇന്ത്യ-ജപ്പാൻ ഇന്തോ പസഫിക് ഫോറത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഊർജ്ജം, നിർമ്മിതബുദ്ധി, ബഹിരാകാശം തുടങ്ങിയ മേഖലകളിലെ നിക്ഷേപം വർധിപ്പിക്കാൻ ഇരുരാജ്യങ്ങളും തമ്മിലുള്ള പങ്കാളിത്തം ശക്തിപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു.

(HOLD VOICE)

$$$$$$$$$$$$$$$$$$$$$$

**GOYAL- NEW ZEALAND**

ഇന്ത്യ-ന്യൂസിലാൻഡ് സ്വതന്ത്ര വ്യാപാര കരാർ വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

പുരോഗമിക്കുകയാണെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പീയൂഷ് ഗോയൽ. ന്യൂസിലാൻറ് സന്ദർശനത്തിൻറെ ഭാഗമായി ന്യൂസിലാൻഡ് വ്യാപാര മന്ത്രി ടോഡ് മക്ലേയുമായി നടത്തിയ കൂടിക്കാഴ്ചയ്ക്കുശേഷമാണ് ശ്രീ ഗോയൽ ഇക്കാര്യം പറഞ്ഞത്. ഇരുരാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക സഹകരണം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ചും കൂടിക്കാഴ്ചയിൽ ചർച്ചയായി.

$$$$$$$$$$$$$$$$$$$$$$

## Philippines

മധ്യ ഫിലിപ്പീൻസിൽ കൽമേഗി ചുഴലിക്കാറ്റിൽ 66 പേർ മരിച്ചു. നിരവധി ആളുകൾ വീടുകൾ വിട്ട് പലായനം ചെയ്തു. ഈ വർഷം ഫിലിപ്പീൻസിൽ വീശിയ ഏറ്റവും ശക്തമായ ചുഴലിക്കാറ്റുകളിലൊന്നാണ് കൽമേഗി. കൂടുതൽ ആളുകൾ മരിച്ച സെബു ദ്വീപിലെ മുഴുവൻ പട്ടണങ്ങളിലും വെള്ളപ്പൊക്കമുണ്ടായി. അതിനിടെ, വടക്കൻ മിൻഡാനാവോ ദ്വീപിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വിന്യസിച്ച ഒരു സൈനിക ഹെലികോപ്റ്റർ തകർന്നുവീണ് ആറ് ജീവനക്കാർ മരിച്ചു.

$$$$$$$$$$$$$$$$$$$$$$

## Tsunami

ഇന്ന് ലോക സുനാമി ബോധവൽക്കരണ ദിനം. ലോകമെമ്പാടുമുള്ള ദശലക്ഷങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായ വിനാശകാരിയായ പ്രകൃതി ദുരന്തമാണ് സുനാമി. "Be Tsunami Ready: Invest in Tsunami Preparedness" എന്നതാണ് ഈ വർഷത്തെ ലോക സുനാമി ബോധവൽക്കരണ ദിനാചരണ പ്രമേയം. സുനാമി മുന്നൊരുക്കങ്ങളുടെയും, ദുരന്ത പ്രതിരോധ -നിവാരണ പദ്ധതികളുടെയും ആവശ്യകത വിളിച്ചോതുന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

$$$$$$$$$$$$$$$$$$$$$$

## Amoebic

കേരളത്തിൽ തിരുവനന്തപുരത്ത് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ഒരാൾ കൂടി മരിച്ച സാഹചര്യത്തിൽ ജാഗ്രത ശക്തമാക്കി

ആരോഗ്യവകുപ്പ്. ആറ്റിങ്ങൽ സ്വദേശിയായ 58 വയസുകാരൻ ആണ് ഇന്ന് രാവിലെ മരിച്ചത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്നു.

$$$$$$$$$$$$$$$$$$$$$$

## GOLD

സ്വർണ്ണവിലയിൽ ഇടിവ്. ഗ്രാമിന് 90 രൂപ കുറഞ്ഞ് 11,135 രൂപയും, പവന് 720 രൂപ ഇടിഞ്ഞ് 89,080 രൂപയുമാണ് ഇന്നത്തെ സ്വർണ്ണ വില.

$$$$$$$$$$$$$$$$$$$$$$

## GST REFORMS- FOOD ITEMS

ജിഎസ്ടി ഭരണ പരിഷ്കരണം ഭക്ഷ്യ മേഖലയ്ക്ക് ഏറെ ഗുണകരമാകുന്നതായി വിലയിരുത്തൽ. പിസ്സ ബ്രെഡ്, ചപ്പാത്തി, പറോട്ട എന്നിവ പൂർണ്ണമായും നികുതി രഹിതമാക്കി. വെണ്ണ, നെയ്യ്, കണ്ടൻസ്ഡ് മിൽക്ക്, ഐസ്ക്രീം, ചോക്ലേറ്റ് തുടങ്ങിയവയുടെ ജിഎസ്ടി അഞ്ച് ശതമാനമായി കുറച്ചു. ഇത് സാധാരണക്കാർക്ക് ആശ്വാസമേകുകയും ഉത്പാദനം ശക്തിപ്പെടുത്തുകയും ചെയ്യും.

$$$$$$$$$$$$$$$$$$$$$$

## IKSHAK-COMMISSIONING

സർവേ വെസൽ ക്ലാസിലെ മൂന്നാമത്തെയും ദക്ഷിണ നാവിക കമാൻഡ് ആസ്ഥാനമായുള്ള ആദ്യ കപ്പലുമായ ഇക്ഷക് കമ്മീഷൻ ചെയ്യാനൊരുങ്ങി ഇന്ത്യൻ നാവികസേന. മറ്റന്നാൾ കൊച്ചിയിലെ നേവൽ ബേസിൽ നടക്കുന്ന ചടങ്ങിൽ നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കെ ത്രിപാഠിയുടെ സാന്നിധ്യത്തിൽ കപ്പൽ ഔദ്യോഗികമായി കമ്മീഷൻ ചെയ്യും. ഇന്ത്യയുടെ സമുദ്ര മേഖലയിൽ കൃത്യത, ലക്ഷ്യം, സ്വാശ്രയത്വം എന്നിവയുടെ പ്രതീകമാണ് എസ്‌വിഎൽ ഇക്ഷക് .

ഇന്ത്യൻ നാവികസേനയുടെ സർവേ, ചാർട്ടിംഗ് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള തുടർച്ചയായ ശ്രമങ്ങളിലെ സുപ്രധാന നാഴികക്കല്ലാണ് ഇക്ഷകിന്റെ കമ്മീഷനിങ്.

$$$$$$$$$$$$$$$$$$$$$$

## SHAH- AMUL

ലോകത്തെ ആദ്യ 10 സഹകരണ സ്ഥാപനങ്ങളുടെ പട്ടികയിൽ ആദ്യ രണ്ടിലെത്തിയ അമൂലിനേയും ഇന്ത്യൻ ഫാർമേഴ്സ് കോ ഓപ്പറേറ്റീവ് ലിമിറ്റഡിനേയും അഭിനന്ദിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. അമൂലുമായി ബന്ധപ്പെട്ടിരിക്കുന്ന ദശലക്ഷക്കണക്കിന് സ്ത്രീകളുടെ പ്രതിബദ്ധതയ്ക്കും കർഷകരുടെ സംഭാവനയിലൂടെ മുന്നേറി മാതൃകയായ IFFCOയ്ക്കും ലഭിച്ച അംഗീകാരമാണ് ഇതെന്ന് കേന്ദ്രസഹകരണ മന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

$$$$$$$$$$$$$$$$$$$$$$

## PM SHARDA SINHA

ബീഹാറിലെ നാടൻപാട്ട് ഗായിക കോകില ശാരദ സിൻഹയുടെ ഒന്നാം ചരമവാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ആദരാഞ്ജലികൾ അർപ്പിച്ചു. നാടൻ പാട്ടുകളിലൂടെ ബീഹാറിന്റെ കലയ്ക്കും സംസ്കാരത്തിനും അവർ പുതിയ ഊർജം നൽകിയെന്ന് ശ്രീ നരേന്ദ്ര മോദി സമൂഹമാധ്യമ പോസ്റ്റിൽ പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$

## PREZ-BALIYATRA

ഒഡീഷയിലെ ജനങ്ങൾക്ക് ചരിത്രപ്രസിദ്ധമായ 'ബാലിയാത്ര' ഉത്സവത്തിന്റെയും 'ബോയ്ത ബന്ധന'ത്തിന്റെയും ആശംസകൾ നേർന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. ഒഡീഷയുടെ മഹത്തായ സമുദ്ര വാണിജ്യ പാരമ്പര്യത്തിന്റെയും സാംസ്കാരിക പൈതൃകത്തിന്റെയും പ്രതീകമാണ് ബലിയാത്രയെന്ന് ശ്രീമതി മുർമു സമൂഹമാധ്യമ പോസ്റ്റിൽ പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$$

$$$$$$$$